Website
Arun 12/6/17

# കേരള സർക്കാർ

## സംഗ്രഹം

15 JUN 2017

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ (സാധാ) നം.358/17/പ്ലാനിംഗ്. തിരുവനന്തപുരം, തീയതി, 13/06/2017.

---

പരാമർശം:- ഡയറക്ടർ ജനറൽ, സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് സമർപ്പിച്ച 02/06/17 തീയതിയിലെ ഇബി(1) 9768/2017/ഡിഇഎസ് നമ്പർ കത്ത്.

## ഉത്തരവ്

സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിൽ 31/05/2017 പ്രാബല്യത്തിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ടെന്നും എന്നാൽ GO(P) No.13/2017 Dated 29/04/17 പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള ലിസ്റ്റിൽ ശ്രീ.പി.സജിത് കുമാർ മാത്രമാണ് അവശേഷിക്കുന്നതെന്നും ടിയാനെ തുടർന്ന് വരുന്നത് ശ്രീ.എം.കെ.ശ്യാംനാഥ് ആണെന്നും ടിയാൾ നിലവിലെ സെലക്ട് ലിസ്റ്റിൽ ഉൾപെട്ടിട്ടില്ലാത്തതും എന്നാൽ ടിയാൾ 31/07/2017-ൽ സർവീസിൽ നിന്നും വിരമിക്കുകയാണെന്നും ആയതിനാൽ വിരമിക്കാൻ 2 മാസം മാത്രം അവശേഷിക്കുന്ന ശ്രീ.എം.കെ.ശ്യാംനാഥ്-നു അർഹമായ സ്ഥാനക്കയറ്റം ലഭിക്കേണ്ടതുള്ളതിനാൽ ടിയാന് പ്രൊവിഷണൽ പ്രൊമോഷൻ നൽകി ശ്രീ.പി.സജിത് കുമാർ, ശ്രീ.എം.കെ.ശ്യാംനാഥ് എന്നിവർക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകണമെന്ന് സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേരും നിലവിലെ ഓഫീസും | സ്ഥാനക്കയറ്റം നൽകി നിയമിക്കേണ്ട ഓഫീസ് |
|---|---|---|
| 1 | ശ്രീ.സജിത് കുമാർ.പി, റിസർച്ച് ഓഫീസർ, ടൂറിസം ഡയറക്ടറേറ്റ്, തിരുവനന്തപുരം. | അസിസ്റ്റന്റ് ഡയറക്ടർ, ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, വികാസ് ഭവൻ , തിരുവനന്തപുരം.(ശ്രീ.രാജീവ്.കെ.വി. വിരമിച്ച ഒഴിവ്) |

| | | |
|---|---|---|
| 2 | ശ്രീ.എം.കെ.ശ്യാംനാഥ്, റിസർച്ച് ഓഫീസർ, സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ആഫീസ്, കോട്ടയം | അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ,തിരുവനന്തപുരം. (ശ്രീമതി.അമ്പിളി ഗോപിനാഥ് വിരമിച്ച ഒഴിവ്) (പ്രൊവിഷണൽ പ്രൊമോഷൻ) |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
വേണു ശർമ്മ. എസ്,
അണ്ടർ സെക്രട്ടറി.

To

1. ഡയറക്ടർ ജനറൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡയറക്ടർ ജനറൽ, ഡി.ഇ.എസ് മുഖേന).
3. ഡയറക്ടർ, ടൂറിസം ഡയറക്ടറേറ്റ്, തിരുവനന്തപുരം
4. ഡയറക്ടർ, കാർഷിക വികസനകർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ,തിരുവനന്തപുരം.
5. ഡയറക്ടർ, ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, വികാസ് ഭവൻ , തിരുവനന്തപുരം
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/കോട്ടയം.
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
8. ആസൂത്രണസാമ്പത്തികകാര്യ (സിപിഎംയു) വകുപ്പ്.
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
10. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

മേലെഴുത്ത് നമ്പർ: ഇബി(1) 9768/2017/ഡിഇഎസ്, തീയതി: 16/06/2017.

ഉത്തരവിൻ പ്രകാരം,

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

സെക്ഷൻ ഓഫീസർ.

ഡയറക്ടർ ജനറലിനുവേണ്ടി.